**ഉയിർപ്പ് അഞ്ചാം ഞായർ**

**യോഹ 21:1-14**

**ദൈവത്തെ കേൾക്കുക**

റവ. ഫാ. ഷിബു പുളിക്കൻ

തിബേരിയോസ് കടലിൽ വലയെറിഞ്ഞു കൊണ്ടിരിക്കുന്ന ശിഷ്യന്മാരോട് ഈശോ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. കുഞ്ഞുങ്ങളെ നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? കർത്താവ് വീടു പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർത്ഥമാണെന്നും കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നത് വ്യർത്ഥമാണെന്നുമുള്ള വചനം നിങ്ങൾക്കറിയില്ലേ എന്നാണ് ആ ചോദ്യത്തിനർത്ഥം. അധ്വാനങ്ങൾ ഫലമണിയണമെങ്കിൽ ദൈവം കൂടെയുണ്ടാകണമെന്നുള്ള ചിന്ത മറന്നു ജീവിക്കുന്ന ഒരു സമൂഹത്തിനുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് ആ ചോദ്യം.

നിയമാവർത്തന പുസ്തകം എട്ടാം അധ്യായം പതിനേഴാം വാക്യം വായിച്ച് ധ്യാനിക്കണം. എന്റെ ശക്തിയും എന്റെ കരങ്ങളുടെ ബലവുമാണ് എനിക്ക് ഈ സമ്പത്തെല്ലാം നേടിത്തന്നത് എന്ന് ഹൃദയത്തിൽ നിങ്ങൾ പറയരുത്.

ദൈവത്തിന്റെ വാക്കുകേട്ട് ദൈവത്തിന്റെ വഴികളിലൂടെ സഞ്ചരിച്ചാൽ നിന്റെ വലയും വള്ളവും നിറഞ്ഞ് കവിയുകയും നിനക്ക് സമ്പൽസമൃദ്ധി ഉണ്ടാവുകയും ചെയ്യും. ജീവിതത്തിൽ പരാജയങ്ങൾ തുറിച്ച് നോക്കുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുമ്പോൾ കരയിലേക്ക് നോക്കണം. അവിടെ ദൈവം നമ്മെ കാത്ത് നില്ക്കുന്നുണ്ടാകും. നമ്മുടെ ഒറ്റയ്ക്കുള്ള യാത്രകൾ എവിടംവരെ എന്നറിയാൻ അവിടുന്ന് നമ്മോടൊപ്പം നടക്കും. എല്ലാം അസ്തമിക്കുന്നുവെന്ന് തോന്നുമ്പോൾ നമ്മൾ അവിടുത്തെ വിളിക്കുമോ എന്നറിയാൻ ക്ഷമ കാണിക്കുന്നു.

മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. എന്നാൽ അന്തിമ തീരുമാനം കർത്താവിന്റേതാണ് (സുഭാ 16:1). അതുകൊണ്ട് വലയെറിയുന്നതിനു മുമ്പ് ദൈവിക അരുളപ്പാടുകൾക്ക് കാതോർക്കുന്നത് നല്ലതാണ്. ദൈവേഷ്ടമാണ് നിറവേറേണ്ടത്. ഒരമ്മ തന്റെ മകന് പരീക്ഷയിൽ റാങ്കു കിട്ടണേ എന്ന് ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം പ്രത്യക്ഷപ്പെട്ടു ചോദിച്ചു. ഇക്കൊല്ലം പരീക്ഷയെഴുതിയ ഒരു ലക്ഷം കുട്ടികൾ ഇതേ പ്രാർത്ഥനയുമായി എന്റെ പക്കൽ വന്നിട്ടുണ്ട്. അതിൽനിന്ന് നിന്റെ മകന് എന്താണ് പ്രത്യേകത? ആ സ്ത്രീ പറഞ്ഞു. ഞാൻ പത്തു രൂപയുടെ വഴിപാട് കഴിച്ചിട്ടുണ്ട്. അപ്പോൾ ദൈവം പറഞ്ഞു. അടുത്ത വീട്ടിലെ മുതലാളി തന്റെ മകനു വേണ്ടി 100 രൂപയുടെ വഴിപാടാണ് കഴിച്ചിരിക്കുന്നത്. അപ്പോഴോ? അവൾ ദൈവത്തോടോ ചോദിച്ചു. ദരിദ്രയായ എന്റെ പത്തു രൂപയ്ക്കല്ലേ ധനികന്റെ നൂറു രൂപയെക്കാൾ വില. ദൈവം വിട്ടില്ല. ദാരിദ്ര്യം നോക്കുകയാണെങ്കിൽ അപ്പുറത്തെ ചേരിയിൽ പാർക്കുന്ന സ്ത്രീ വെറും ഒരു രൂപയാണ് വഴിപാട് നല്കിയത്. അതുപോലുമില്ലാതെ കരഞ്ഞ അമ്മമാർ വെറെയുമുണ്ട്. അപ്പോൾ റാങ്ക് ഞാൻ ആർക്ക് കൊടുക്കണം? ആ സ്ത്രീക്ക് ഉത്തരം മുട്ടി. ദൈവത്തിന്റെ ഇഷ്ടംപോലെ നടക്കട്ടെ. അതുതന്നെയാണ് നടക്കുന്നത് എന്നു പറഞ്ഞുകൊണ്ട് ദൈവം അപ്രത്യക്ഷനായി. ദൈവത്തിന്റെ വാക്കനുസരിച്ച് വലയിടുക. നിങ്ങൾക്ക് കിട്ടും.